LIBRARY ARCHIVES Kerala Legislative Assembly

വൈത്തിരി താലൂക്കിലെ ബി.പി.എൽ. കാർഡുകൾക്കുള്ള അപേക്ഷകൾ

282 (1339) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ നടന്ന രണ്ടാം ഘട്ട ജനസമ്പർക്ക പരിപാടിയിൽ എ.പി.എൽ. കാർഡുകൾ ബി.പി.എൽ. ആക്കുന്നതു സംബന്ധിച്ച് വൈത്തിരി താലൂക്കിൽ നിന്നും എത്ര അപേക്ഷകരാണ് ഉണ്ടായിരുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ബി) എത്ര എ.പി.എൽ. കാർഡുകൾ ബി.പി.എൽ. ആക്കിയെന്നു വ്യക്തമാക്കുമോ;

(സി) ബി.പി.എൽ. കാർഡുകളാക്കുന്നതു സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനായി ഇനിയും എത്ര അപേക്ഷകൾ അവശേഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) അർഹരായ അപേക്ഷകർക്ക് ബി.പി.എൽ. കാർഡ് നൽകുന്നതിനായി അദാലത്തുകൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2418 എണ്ണം.

(ബി) 242 എണ്ണം.

(സി) 2176 എണ്ണം.

(ഡി) ഭക്ഷ്യസുരക്ഷാ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി ഇനി ബി.പി.എൽ. കാർഡുകൾക്ക് പകരം മുൻഗണനാ കാർഡുകളാണ് നൽകുന്നത്. 14-1-2011-ലെ സ.ഉ.(കൈ) നമ്പർ 16/11/ത.സ്വ.ഭ.വ., 27-4-2012-ലെ സ.ഉ.(കൈ)നമ്പർ 112/12/ത.സ്വ.ഭ.വ. എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അപേക്ഷാഫാറം കാർഡുടമകൾക്ക് നൽകി വിവരശേഖരണവും റാങ്കിംഗും നടത്തി മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിനാൽ അർഹരായ എല്ലാപേർക്കും മുൻഗണനാ കാർഡുകൾ നൽകുവാൻ കഴിയും.

ചാലക്കുടി കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രി

283 (1340) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിയിലെ അന്തേവാസികൾക്ക് കാലങ്ങളായി ലഭിച്ചുവന്നിരുന്ന പഞ്ചസാര, 2013 ഡിസംബർ മുതൽ വിതരണം ചെയ്യാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പഞ്ചസാര കൃത്യമായി അനുവദിക്കുന്നതിനും, അന്തേവാസികൾക്കായി വാങ്ങുന്ന നിത്യോപയോഗ സാധനങ്ങളുടെ ബില്ല് പ്രകാരമുള്ള തുക മാസങ്ങളായി കുടിശ്ശികയായിരിക്കുന്നത് വിതരണം ചെയ്യുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ?